# കരിയാററി മെത്രാപ്പോലീത്തായും

# പൂതത്തിൽ ഇട്ടിക്കരുവിള തരകനും

(വി. സി. ജോർജ്ജ്)

നീണ്ടൂർ പൂതത്തിൽ ഇട്ടിക്കരുവിള തരകന്റെ അപദാനങ്ങളേയും സഭയുടേയും സമുദായത്തിന്റേയും സുസ്ഥിതിയും അഭിവൃദ്ധിയും ലാക്കാക്കിയുള്ള പ്രവർത്തനങ്ങളേയും പററി എന്റെ ദീർഘകാല മിത്രങ്ങളായ പതിയിൽ ശ്രീ അബ്രാഹം, പന്നിവേലിൽ ശ്രീ ലൂക്കോസ് എന്നിവരിൽനിന്നു് ഞാൻ അറിഞ്ഞിരുന്നുവെങ്കിലും, അഖില കേരള കത്തോലിക്ക കോൺഗ്രസ്സിന്റെ നിർദ്ദേശമനുസരിച്ചു്, പുണ്യശ്ലോകനായ കരിയാററി മാർ ജോസഫ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പൂജ്യാവശിഷ്ടങ്ങൾ ഗോവയിൽ നിന്നു് കേരളത്തിലേക്കാനയിക്കുവാൻ നിയുക്തരായ കോൺഗ്രസ്സു് പ്രതിനിധി സംഘത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോഴാണു് ഇട്ടിക്കരുവിള തരകന്റെ വർത്തനങ്ങളെ പൂർവ്വാധികം ഗ്രഹിക്കുന്നതിനിടയായതു്. ഗോവയിലേക്കു യാത്രചെയ്ത കോൺഗ്രസ് പ്രതിനിധി സംഘത്തിന്റെ മുന്നോടിയെന്നു് പരിഗണിക്കാവുന്നതും, പ്രാതിനിധ്യത്തിലും പ്രാമാണ്യത്തിലും അതിനെ അതിഗമിച്ചതുമായ ഒരു പ്രതിനിധി സംഘത്തിനു് ഒട്ടധികം സഹായസഹകരണങ്ങൾ ത്യാഗപൂർവ്വം അണിനിരത്തിയ നേതാവായിരുന്നു ഇട്ടിക്കരുവിള തരകൻ. പണ്ഡിതാഗ്രേസരനും ഊർജ്ജസ്വലനും ആശാഭരിതനുമായിരുന്ന ഡോക്ടർ ജോസഫ് കരിയാററി നടുനായകത്വം വഹിച്ചു്, റോമാ ലക്ഷ്യമാക്കി പുറപ്പെട്ട യാത്രികസംഘത്തിന്റെ ഉദ്ദേശ്യസിദ്ധിക്കും വിജയത്തിനുംവേണ്ടി അത്യധികം കായക്ലേശങ്ങളും ധനവ്യയവും ഇട്ടിക്കരുവിള തരകൻ സഹിച്ചുഎന്നുള്ളതു് സദാ സ്മരണീയമാണു്.

കേരള നസ്രാണി സമുദായത്തിൽ ദൌർഭാഗ്യവശാൽ പതിനേഴാം നൂററാണ്ടിൽ ആവിർഭവിച്ച പുത്തൻകൂർ–പഴയകൂർ പിളർപ്പിനു ഹരം വരുത്തി ഇരുകൂറുകാരും മുൻപോലെ ഏകയോഗമായി കഴിയുന്നതിലേക്കു്, ഇരുകൂറിലെ യുവവൈദികാവൈദികനേതാക്കന്മാർ ആലോചിച്ചു ചെയ്ത തീരുമാനത്തിന്റെ ഫലമായിട്ടായിരുന്നു പഴയകൂറിലെ എഴുപതിൽപരം പള്ളിക്കാരിൽനിന്നു് ധനം ശേഖരിച്ചു് കരിയാററി ജോസഫ് മല്പാന്റെ നേതൃത്വത്തിൽ ഒരു നിവേദകസംഘം റോമായിലേക്കു പുറപ്പെടുവാൻ തയ്യാറായതു് വൈദികരും അൽമായരുമുൾപ്പെട്ട നിവേദകർ രണ്ടു ചെറുസംഘങ്ങളായി പിരിഞ്ഞാണു കേരളത്തിൽനിന്നു പുറപ്പെട്ടതെങ്കിലും ആ ചെറുസംഘങ്ങൾ രണ്ടും ഇട്ടിക്കരുവിളത്തരകന്റെ നീണ്ടൂരിലുണ്ടായിരുന്ന വസതിയിൽനിന്നു തരകന്റെ വള്ളത്തിലാണു് ദക്ഷിണാഭിമുഖമായി പുറപ്പെട്ടതെന്നറിയുമ്പോൾ തരകനു പ്രസ്തുത നിവേദകസംഘവുമായുണ്ടായിരുന്ന ബന്ധത്തെപ്പററി ഊഹിക്കുവാൻ സാധിക്കുന്നു.

കരിയാററി മെത്രാപ്പോലീത്താ തിരുമനസ്സിലെ പൂജ്യാവശിഷ്ടങ്ങൾ കേരളത്തിലേക്കു സംവഹിക്കുവാൻ ഗോവയിലേക്കു പോയ പ്രതിനിധി സംഘത്തിൽ കത്തോലിക്കാ കോൺഗ്രസ്സു് കമ്മററി കൺവീനർ റവ. ഫാ. തോമസ് അരയത്തിനാൽ, റവ. ഡോക്ടർ

THECCANATTU FUND & BABYTOM INDUSTRIES
H. O. AYARKUNNAM, BR. KOTTAYAM.
Manufacturers of :
Cast Iron goods such as Rubber Rolling Machine,
Sugarcane Crushers etc.
DEPOSITS & ADVANCES ON ATTRACTIVE
TERMS
SPECIALISES IN CHITTIES

സി. ററി. കൊട്ടാരം, കോൺഗ്രസ് ജനറൽ സീക്രട്ടറി ശ്രീ ഇ. എം. ജോസഫ്, ശ്രീ ററി. കെ. വർക്കി, ശ്രീ പി. സി. ലൂക്കോസ്, ഈ എഴുത്തുകാരൻ എന്നീ ആറംഗങ്ങളും ഉണ്ടായിരുന്നു. എന്നാൽ റോമായിലേക്കുള്ള യാത്രികസംഘത്തിൽ തരകൻെറ വീട്ടിൽനിന്നു പുറപ്പെട്ടപ്പോൾ ധാരാളം വൈദിപ്രമുഖരും അൽമായ നേതാക്കന്മാരും ഉണ്ടായിരുന്നുവെങ്കിലും തൂത്തുക്കുടിയിൽ എത്തിയപ്പോൾ റോമ്മായിൽ വൈദികവിദ്യാഭ്യാസത്തിനു നിർദ്ദിഷ്ടരായിരുന്ന ചാക്കോ, മാത്യു എന്ന ബാലന്മാരെ കൂടാതെ റവ ഡാക്ടർ ജോസഫ് കരിയാററി, റവ.ഫാദർ തോമസ്പാറേമ്മാക്കൽ, റവ. ഫാദർ മാത്തൻ കാനാട്ടു് റവ. ഫാ. ചാക്കോ മുട്ടത്തുകാരൻ, ശ്രീമാന്മാർ ഇട്ടിക്കുരുവിളത്തരകൻ, വരാരപ്പള്ളി ചാക്കോ എന്നിവരെ ഉണ്ടായിരുന്നുള്ളു. കൊച്ചിയിൽനിന്നോ, ആലപ്പുഴനിന്നോ യൂറോപ്പിലേക്കു കപ്പൽ കയറാതെ റോമ്മായാത്രക്കാർ പാണ്ടിവഴി അവരുടെ ലക്ഷ്യത്തിലെത്തുവാൻ ശ്രമിച്ചതു് ഏതാനും പ്രതിയോഗികളെ ഭയന്നായിരുന്നു. തൂത്തുക്കുടി മുതൽ സൈയാർ, നാഗപട്ടണം മുതലായ സ്ഥലങ്ങളിൽ നമ്മുടെ റോമാ യാത്രികർ രണ്ടു ചെറു സംഘങ്ങളായിട്ടാണു സഞ്ചരിച്ചതു്. ഇട്ടിക്കുരുവിളത്തരകൻെറ വിശാലമനസ്ഥതയ്ക്കു തെളിവായി പാറെമ്മാക്കൽ തോമ്മാക്കത്തനാർ വർത്തമാനപ്പുസ്തകത്തിൽ ഒരു സംഭവത്തെപ്പററി ഈവിധത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. "തരകനും തൻെറ കൂട്ടരും വൈപ്പാററുകൽ ചെന്നാറെ ഞങ്ങൾ അവിടെ എത്തുവാൻ കാററു സമ്മതിക്കാഞ്ഞതിനാൽ ഞങ്ങളെ കാണായ്കകൊണ്ടു ഇട്ടിക്കുരുവിളത്തരകൻ അവിടെനിന്നു് ഒരു കുതിരയും കൂലിക്കു വാങ്ങിച്ചുകൊണ്ടു് ഞങ്ങളെ അന്വേഷിക്കുവാനായി വീണ്ടും വൈപ്പാററിന്നു പുറപ്പെടുമ്പോൾ ഞങ്ങൾ വൈപ്പാററിൽ ചെന്നു എത്തുകയും ചെയ്തു." മല്പാനും മററും പടവുവഴിയ്ക്കു യാത്ര ചെയ്തതിനാലാണു കാററിൻെറ പ്രാതികൂല്യം നിമിത്തം അവർ വൈപ്പാററിൽ എത്തുവാൻ താമസിച്ചതു്. ഈ താമസം തരകനെ അസ്വസ്ഥചിത്തനാക്കി. അദ്ദേഹം വൈപ്പാററിൽനിന്നു നീങ്ങി അങ്ങുമിങ്ങും തിരക്കി ഒരു കുതിരയെ കൂലിക്കു വാങ്ങി, മല്പാനേയും മററും അന്വേഷിക്കുവാൻ വൈപ്പാററിൽനിന്നു പുറപ്പെടുവാൻ ഒരുങ്ങുകയായിരുന്നു. അപ്പോഴാണു മല്പാനും കത്തനാരും മററും അവിടെയെത്തിയതു്. ഇട്ടിക്കുരുവിളത്തരകൻെറ പരഗുണകാംക്ഷിക്കു് ഒരുദാഹരണംകൂടി ചൂണ്ടിക്കാണിക്കുവാനുണ്ടു്. തരംഗംപാടിവരെയുണ്ടായ യാത്രയിൽ വിചാരിച്ചതിലധികം ധനവ്യയവും മനോകായ ക്ലേശങ്ങളും അനുഭവിക്കേണ്ടി വന്നതിനാൽ, പണച്ചുരുക്കം.കൊണ്ടും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ അപ്പോൾ നടന്നുകൊണ്ടിരുന്ന യുദ്ധംമൂലം യാത്രാമദ്ധ്യേയുണ്ടാകാവുന്ന അനിഷ്ടാനുഭവങ്ങളെയും അപകടങ്ങളെയും ഭയന്നും റോമായാത്രയ്ക്കുള്ള ആളുകളുടെ സംഖ്യ കുറയ്ക്കുന്നമെന്ന അഭിപ്രായം ദൃഢപ്പെട്ടു വൈദികരിൽ ചിലർ റോമായാത്രയിൽ നിർബന്ധപൂർവം സഹകരിക്കുവാൻ മുന്നോട്ടു വന്നെങ്കിലും യാത്ര തുടരാതെ കേരളത്തിലേക്കു മടങ്ങാമെന്നു് ആദ്യമായി സമ്മതിച്ചതു് ഇട്ടിക്കുരുവിളത്തരകനായിരുന്നു. വിദ്യാത്ഥികളിൽ ചാക്കോയിക്കുവേണ്ടി മൂപ്പത്തിമൂന്നു് പൊങ്കാശു ഡോക്ടർ കരിയാററിയെ ഏല്പിച്ചുകൊണ്ടത്രെ ഈ പിന്മാററത്തിനു തരകൻ സന്നദ്ധനായതു്.

ഈവിധം സമുദായ സേവന തല്പരതാ, ഔദാര്യബുദ്ധി, മഹാമനസ്കത, ത്യാഗസന്നദ്ധത, ആദിയായ വിവിധ ഗുണങ്ങൾ വഴി പുലർത്തി ഒരു മാതൃകാപുരുഷനായി പരിലസിച്ച ഇട്ടിക്കുരുവിളത്തരകൻെറ സന്തതിപരമ്പരയിൽ കേരളസുറിയാനി സമുദായത്തിലെ സമുന്നതനേതാക്കന്മാരിൽ പലരും സർവപ്രധാനമായി കോട്ടയം രൂപതാദ്ധ്യക്ഷന്മാർ ദിവംഗതനായ അഭിവന്ദ്യ മാക്കിയിൽ മാർ മത്തായി മെത്രാൻ തിരുമേനിയും, ഇപ്പോൾ മെത്രാഭിഷേക രജത ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ തറയിൽ മാർ തോമസ് മെത്രാൻ തിരുമേനിയും ഉൾപ്പെടുന്നു എന്നുള്ളതു് അത്യധികം ചാരിതാത്ഥ്യജനകമാകുന്നു. ഈ അഭിവന്ദ്യ തിരുമേനിമാരിരുവരിൽ നിന്നും അനുഗ്രഹാശിസ്സുകളും പ്രോത്സാഹനോപഹാരങ്ങളും ലഭിക്കുന്നതിനു് ദൈവാനുഗ്രഹത്താൽ എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ടെന്നു ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുകയാണു്. ജൂബിലിയേറിയൻ തറയിൽ തിരുമേനിയുമായി ഞാനാദ്യം കൃതജ്ഞതാബന്ധിതനായതു് അദ്ദേഹം എം. എ., പി. എച്ച്. ഡി., ഡി. ഡി. എന്നീ ബിരുദങ്ങൾ സമ്പാദിച്ചു്, അനേകായിരങ്ങളുടെ ആശാകേന്ദ്രമായി വിലസിയ അവസരത്തിലായിരുന്നു. മോഹനാനനനായിരുന്ന ആ യുവ വൈദികൻ സാന്ദർഭികമായി ഞാൻ സേവനം അനുഷ്ഠിച്ചിരുന്ന പിറവം സെൻറു് ജോസഫ്സ് ഹൈസ്കൂളിൽ എൻെറ സ്നേഹ സമ്പന്ന മിത്രമായിരുന്ന ഷെവലിയർ വി. ജെ. ജോസഫ് അവർകളോടുകൂടി സമാഗതനാകുകയും, ആ സ്ഥാപനത്തേയും എന്നെയും ഭാവുകാശംസകളോടുകൂടി അനുഗ്രഹിക്കുകയും ചെയ്തു. തറയിൽ തിരുമേനിയുടെ ജന്മസിദ്ധമായ ആജ്ജവം, മഹാമനസ്കത, കാരുണ്യാതിരേകം, വിശാല വീക്ഷണം, എന്നീഗുണങ്ങൾ പിന്നീടു് പലപ്പോഴും ആസ്വദിച്ചാനന്ദിക്കുവാൻ എനിക്കു് സാധിച്ചിട്ടുണ്ടെന്നു് അഭിമാനപൂർവ്വം പ്രസ്താവിച്ചു കൊള്ളട്ടെ.

നീണ്ടൂർ പൂതത്തിൽ ഇട്ടിക്കുരുവിത്തതരകൻെറ വസതിയിൽനിന്നു നാലു വൈദികരും തരകനുൾപ്പെടെ അനേകം അവൈദികരും ചേർന്നു ആരംഭിച്ച റോമാ യാത്രയും, ശതവർഷങ്ങൾക്കുശേഷം എറണാകുളം മെത്രാപ്പോലീത്തൻ അരമനയിൽ നിന്നു്, തരകൻെറ സന്തതിപരമ്പരയിലെ ഒരു സുജ്ഞാത അംഗമായ ശ്രീ. പി. സി. ലൂക്കോസുൾപ്പെടെ നാലു അൽമായരും രണ്ടു വൈദികരും ചേർന്നു നടത്തിയ ഗോവ യാത്രയും തമ്മിൽ അദൃശ്യമായ ബന്ധമുണ്ടെന്നു പറഞ്ഞാൽ എതിർവദിക്കേണ്ടതില്ല. കരിയാററി മല്പാനും പാറേമ്മാക്കൽ തൊമ്മൻ കത്തനാരും വിവിധ രാജ്യങ്ങളിൽക്കൂടി യാത്ര ചെയ്തു് യൂറോപ്പിലെത്തി. റോമായിലും ലിസ്ബനിലും താമസിച്ചു്, ആദ്ധ്യാത്മിക രാഷ്ട്രീയമണ്ഡലങ്ങളിലെ സമുന്നതാധികാരികളുമായി സമ്പർക്കം പുലർത്തി. ആറാം മാർത്തോമ്മാ മെത്രാൻെറയും അദ്ദേഹത്തിനധീനരായിരുന്ന പുത്തൻകൂർ സമുദായത്തിൻെറയും കത്തോലിക്കാ സഭയോടുള്ള പുനരൈക്യത്തിനാവശ്യമായ പ്രമാണങ്ങൾ സമ്പാദിച്ചു്, ഡോക്ടർ കരിയാററി കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്താ ആയി അഭിഷേകം സ്വീകരിച്ചു് വിജയശ്രീലാളിതരായിട്ടാണല്ലോ ഭാരതത്തിലേക്കു മടങ്ങിയതു്, എന്നാൽ മാർ തോമ്മാമെത്രാനെ ക

ത്തോലിക്കാ സഭയിലേക്കു സ്വീകരിക്കുന്നതിനു് പ്രാരംഭമായി ഗോവാമെത്രാപ്പോലീത്തായെ സന്ദർശിക്കേണ്ടിയിരുന്നതിനാൽ അവരുടെ കപ്പൽയാത്ര ഗോവായിൽ അവസാനിപ്പിക്കേണ്ടി വന്നു. അവർ ഗോവായിൽ താമസിച്ചിരുന്ന അവസരത്തിലാണല്ലൊ കേരള കത്തോലിക്കാ സഭയുടെ അഭിമാനസ്തംഭമായ കരിയാററി മെത്രാപ്പോലീത്തായുടെ അകാലനിര്യ്യാണം നടന്നതു്. കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവർണ്ണദോർ അഥവാ ഭരണാധികാരിയായി പാറേമ്മാക്കൽ തോമ്മാക്കത്തനാർ നിയമിതനായശേഷം, അദ്ദേഹം കേരളത്തിൽ തിരിച്ചെത്തുകയും ചെയ്തു.

കരിയാററി മെത്രാപ്പോലീത്തായുടെ കബറടക്കം ഗോവയിൽ ഭക്ത്യാദരപൂർവം നടന്നു. കുറേ കഴിഞ്ഞപ്പോൾ പൂജ്യാവശിഷ്ടങ്ങൾ ഗോവായിലെ ഭദ്രാസന ദേവാലയത്തിൽ പ്രധാന ഭാഗത്തു പുന:സംസ്ക്കരിക്കപ്പെടുകയും ചെയ്തു. ആ പൂജ്യാവശിഷ്ടങ്ങൾ കേരളത്തിൽ സാഘോഷം കൊണ്ടുവന്നു് കരിയാററി തിരുമനസ്സിലെ ജന്മസ്ഥലവും കേരള ക്രൈസ്തവരുടെ പുരാതന കേന്ദ്രങ്ങളിൽ സുപ്രധാനവുമായ ആലങ്ങാട്ടോ, മറെറതെങ്കിലും ക്രൈസ്തവകേന്ദ്രങ്ങളിലോ പുന:സംസ്കരിക്കണമെന്നുള്ള അഭിവാഞ്ഛ കേരളത്തിൽ ഉണ്ടായിരുന്നതു് പരേതരായ ഫാദർ ജോസഫ് ഏണേക്കാട്ടു്, മോൺസിഞ്ഞോർ ജോൺ കച്ചിറമററം മുതലായവരുടെ പത്രലേഖനങ്ങളാലും മററും ദൃഢീകൃതമാകുകയു., പൂജ്യാവശിഷ്ടങ്ങൾ കേരളത്തിലേക്കു സംവഹിച്ചു് പുന:സംസ്കരിക്കണമെന്നുള്ള ഒരു പ്രമേയം അഖിലകേരള കത്തോലിക്ക കോൺഗ്രസ് പ്രതിനിധിയോഗം പാസ്സാക്കി. പ്രമേയാനുസൃതമായ കാര്യനിർവഹണത്തിനു മോൺ. കച്ചിറമററം കൺവീനർ ആയ ഒരു കമ്മററിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ഉദ്ദേശ്യസിദ്ധിക്കാവശ്യമായ ഗവർമെൻറനുവാദത്തിനും മററുമായി ഇൻഡ്യാ ഗവർമെൻറുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കവെ ആയിരുന്നു മോൺ കച്ചിറമററം സ്വർഗ്ഗീയസമ്മാനത്തിനായി വിളിക്കപ്പെട്ടതു്. അദ്ദേഹത്തിൻെറ സ്ഥാനത്തു റവ. ഫാദർ തോമസ് അരത്തിനാൽ കമ്മററി കൺവീനറായി നിയമിക്കപ്പെടുകയും പുതിയ കൺവീനറും കത്തോലിക്കാകോൺഗ്രസ് ജനറൽ സെക്രട്ടറി ശ്രീ ഈ. എം. ജോസഫും പ്രസ്ഥാനത്തിൻെറ പുരോഗമനത്തിനായി സോത്സാഹം പ്രവർത്തിക്കുകയും ചെയ്തു. മാർ കരിയാററി കമ്മററിയുടെ രക്ഷാധികാരിയായിരുന്ന എറണാകുളം മെത്രാപ്പോലീത്താ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും കേരള കത്തോലിക്കാ സുറിയാനി സമുദായത്തിലെ ഇതര വൈദികാദ്ധ്യക്ഷ തിരുമേനിമാരും ഔദാര്യപൂർവം നൽകിയ പ്രോത്സാഹനസഹായങ്ങളുടെ ഫലമായി കമ്മററിക്കു കൃത്യനിർവ്വഹണത്തിൽ നിർവിഘ്നം പുരോഗമിക്കുവാൻ സാധിച്ചു.

കമ്മററി അംഗങ്ങളിൽ രണ്ടു വൈദികർക്കും നാലു് അൽമായർക്കും മാത്രമേ ഗോവായാത്രയ്ക്കുള്ള ഗവർമെൻറനുവാദവും പാസ്പോർട്ടും ലഭിച്ചുള്ളു. എറണാകുളം മെത്രാപ്പോലീത്താ മാർ ജോസഫ് പാറേക്കാട്ടിൽ


GREETINGS

*From*

SINDIA ELECTRICS


K. K. ROAD,

KOTTAYAM.

തിരുമേനി ഗോവാ മെത്രാപ്പോലീത്തായും പൌരസ്ത്യ പാത്രിയർക്കീസുമായ അഭിവന്ദ്യ ജോസ് വിയെറാ അൽവെർണാസ് തിരുമേനിയുമായി ആവശ്യമായ കത്തിടപാടുകൾ നടത്തിയതിൻെറ ഫലമായി പാത്രിയർക്കീസ് തിരുമേനി ഗോവയിലെ സമുന്നത വൈദികരിൽ ഒരു ഡൊമസ്റ്റിക്ക് പ്രിലേററിനേയും അഞ്ചു കാനൻ സ്ഥാനികളേയും ഉൾപ്പെടുത്തി കേരളത്തിൽനിന്നു ചെല്ലുന്ന ഞങ്ങളെ സ്വീകരിക്കുന്നതിനും കരിയാററിത്തിരുമേനിയുടെ പൂജ്യാവശിഷ്ടങ്ങൾ "കല്ലറ തുറന്ന് സ്വദേശമായ കേരളത്തിലേക്കു സംവഹിക്കുന്നതിൽ" ഞങ്ങളെ സഹായിക്കുന്നതിനും വേണ്ടി ഒരു കമ്മററി നിയമിച്ചിരുന്നു. ആ കമ്മററിയംഗങ്ങളും കേരളത്തിൽനിന്നു ചെന്ന കത്തോലിക്ക കോൺഗ്രസ്സ് പ്രതിനിധികളായ ഞങ്ങളും ചേർന്ന് ഒപ്പിട്ട ഒരു രേഖ പൂജ്യാവശിഷ്ടസ്ഥലംമാററത്തിനാധാരമായി ഗോവയിലെ പാത്രിയർക്കീസിൻ അരമനയിൽ സൂക്ഷിക്കപ്പെടുന്നുണ്ട്. പാത്രിയർക്കീസ് തിരുമേനി ഞങ്ങളെ പൊതുവായി ഒന്നിലധികം പ്രാവശ്യവും അദ്ദേഹത്തിൻെറ പഴയസുഹൃത്തും ആലപ്പുഴ രൂപതവക ചേർത്തല കോളേജിൻെറ സ്ഥലം വാങ്ങിക്കൊടുത്ത ആളുമായ മി. ലൂക്കോസിനെ തനിച്ചും പലപ്രാവശ്യം കാരുണ്യപൂർവം സ്വീകരിച്ച് സംഭാഷണം നടത്തി അനുഗ്രഹിച്ചുവെന്നും ഗോവയിൽ നിയമിക്കപ്പെട്ട കമ്മററിയംഗങ്ങളായ വൈദികപ്രമാണികളുടെ ഞങ്ങളോടുള്ള പെരുമാററം ഔദാര്യസമന്വിതവും സ്നേഹപൂർവ്വവും ആയിരുന്നു എന്നും പ്രസ്താവിക്കേണ്ടതുണ്ട്.

ഇതിൻെറയൊക്കെ ഫലമായി മാർ ജോസഫ് കരിയാററി മെത്രാപ്പോലീത്താ തിരുമനസ്സിലെ ഭൗതികാവശിഷ്ടങ്ങൾ ആലങ്ങാട്ടു കൊണ്ടുവന്ന് അനേകസഹസ്രം ഭക്തജനങ്ങളുടേയും ബഹുശതം വൈദികരുടേയും കന്യാസ്ത്രീകളുടേയും ഒരു ഡസനോളം വൈദികാദ്ധ്യക്ഷന്മാരുടേയും സഹകരണത്തിൽ ഹൃദയസ്പൃക്കായ വിധം സമീപസ്ഥമായ "മാർ കരിയാററി നഗറിൽ" നടന്ന പൊതുയോഗങ്ങൾക്കും പ്രഭാഷണങ്ങൾക്കും ശേഷം നമ്മുടെ അമലോത്ഭവനാഥയുടെ നാമത്തിലുള്ള പ്രധാന ദേവാലയത്തിൽ പ്രധാന ബലിപീഠത്തിനു മുൻപിൽ യഥാവിധി പുന:സംസ്കരിക്കപ്പെട്ടു. കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി പ്രസ്തുതചടങ്ങിനേപ്പററി ശ്രദ്ധാർഹമായി ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്, "പുണ്യശ്ലോകനായ കരിയാററി മാർ ജോസഫ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ഭൗതികാവശിഷ്ടങ്ങൾ പുന:സംസ്കരിക്കുവാൻ സാധിച്ചതു് 1961 ഏപ്രിൽ 11–ാം തീയതിയാണല്ലൊ. കേരളസഭയ്ക്കു് അഭിമാനകരവും ആഹ്ളാദപ്രദവുമായ ഒരു സംഭവമായിരുന്നു അതു് എന്നതിൽ സംശയമില്ല."

കോട്ടയം രൂപതയിലെ ആതുരസംരക്ഷണപ്രസ്ഥാനങ്ങളിലും വിദ്യാദാന പ്രവർത്തനങ്ങളിലും ആദ്ധ്യാത്മിക പുരോഗതിയിലെന്നപോലെ ദത്തശ്രദ്ധനായി കഴിഞ്ഞിരുന്ന തറയിൽ മാർ തോമ്മസ് തിരുമേനി 1945–ൽ യശ:ശരീരൻ ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ തിരുമനസ്സിലെ സഹായ മെത്രാനായും ആ തിരുമേനി 1953–ൽ ദിവംഗതനായതിനേത്തുടർന്ന് രൂപതാദ്ധ്യക്ഷനായും ജീവിതാർപ്പണം ചെയ്തശേഷം ആദ്ധ്യാത്മിക, സാമൂഹ്യ, സാംസ്ക്കാരിക രംഗങ്ങളിൽ രൂപത എത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നു വിവരിക്കുക ഇപ്രകാരമുള്ള ഒരു ലേഖനത്തിൽ സാദ്ധ്യമല്ല. ജാതിയോ, മതമോ, വർണ്ണമോ, വിഭാഗമോ നോക്കാതെ നീതിക്കും ന്യായത്തിനും സത്യത്തിനും യോജിച്ച വിധം എല്ലാവരേയും സ്നേഹിക്കുകയും സഹായിക്കുകയും വേണമെന്ന ദൃഢവ്രതം സ്വീകരിച്ച ഒരു മഹച്ചരിതനാണു് ജൂബിലേറിയൻ മാർ തോമ്മസ് തറയിൽ തിരുമേനി. അദ്ദേഹത്തെ ഈ മെത്രാഭിഷേക രജതജൂബിലി അവസരത്തിൽ വിനയപൂർവ്വം അനുമോദിക്കുകയും അദ്ദേഹത്തിൻെറ പ്രസ്തുത പ്രവർത്തനപദ്ധതി അനുകരിക്കുന്നവരുടെ സംഖ്യ വർദ്ധിക്കുമാറാകട്ടെ എന്നു് ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യുന്നു.



GREETINGS

From

Shenoy Company

K. K. Road,

KOTTAYAM.